# ദേവസ്വംനിയമനങ്ങളിൽ മുന്നാക്കവിഭാഗങ്ങൾക്ക് സംവരണം നല്കുന്നതിന് ചട്ടഭേദഗതികൾക്ക് നടപടി സ്വീകരിച്ചതായി സംസ്ഥാനസർക്കാർ

ദേവസ്വം നിയമനങ്ങളിൽ മുന്നാക്കസംവരണത്തിന് ചട്ടഭേദഗതിക്ക് നടപടിയെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കിയിരിക്കുകയാണ്. ദേവസ്വം ബോർഡു നിയമനങ്ങളിൽ മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10 ശതമാനം സംവരണം നല്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചിരുന്നു എന്നും, ദേവസ്വംബോർഡിലെ നിയമനം ഹിന്ദുസമുദായങ്ങൾക്ക് മാത്രമായതിനാൽ മതന്യൂനപക്ഷവിഭാഗങ്ങൾക്കുള്ള 18 ശതമാനം സംവരണം ദേവസ്വം ബോർഡിന് ബാധകമല്ലെന്നും അതിൽ 10 ശതമാനം മുന്നാക്കസമുദായങ്ങളിലെ പാവപ്പെട്ടവർക്ക് നല്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ബാക്കി 8 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കും പിന്നാക്കസമുദായങ്ങൾക്കും നല്കുമെന്നും ആയത് നടപ്പാക്കാൻ ചട്ടഭേദഗതിക്കായി നടപടി സ്വീകരിച്ചതായും ആണ് സർക്കാർ ഇപ്പോൾ വ്യക്തമാക്കിയിട്ടുള്ളത്.

സംവരണം നിലവിലുള്ള തോതിൽ തുടരണമെന്നും സംവരണവിഭാഗങ്ങൾക്ക് അർഹമായ തോതിലും കൃത്യമായും സംവരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സർക്കാർ പരിശോധന നടത്തുമെന്നും മുന്നാക്കക്കാരിലെ ദരിദ്രർക്ക് സംവരണം നല്കുന്നതിന് ഭരണഘടനാഭേദഗതി കൊണ്ടുവരണമെന്നാണ് സർക്കാരിന്റെ നിലപാടെന്നും ഹിന്ദുസമുദായസംഘടനകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയ്ക്കുശേഷം മുഖ്യമന്ത്രി വെളിപ്പെടുത്തിയതായി പത്രവാർത്ത കണ്ടിരുന്നു. ദേവസ്വം നിയമനങ്ങളിൽ വിശ്വകർമ്മ - ധീവരസമുദായങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല എന്ന പരാതി പരിശോധിക്കുമെന്നും മുഖ്യമന്ത്രി പ്രസ്താവിച്ചതായി കണ്ടു.

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി നടക്കുന്ന നിയമനങ്ങളിൽ 10% സംവരണം, ഹൈന്ദവരിലെ മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് നല്കുമെന്നും അതോടൊപ്പം, സർക്കാർനിയമനങ്ങളിൽ ഒരു നിശ്ചിതശതമാനം സംവരണം മുന്നാക്കവിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നും 2017 നവംബർ 15 ബുധനാഴ്ച നടന്ന മന്ത്രിസഭായോഗം തീരുമാനിച്ചതായി പ്രഖ്യാപിച്ചിരുന്നതാണ്.

സാമ്പത്തികമായ പിന്നാക്കാവസ്ഥ ഉള്ളവർക്ക് സർക്കാർനിയമനങ്ങളിൽ സംവരണം നടപ്പാക്കാൻ ഭരണഘടനാഭേദഗതിക്കായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമെന്നും അന്ന് പ്രസ്താവിച്ചിരുന്നു. ഇതിനെതിരെ ചില ഭാഗത്തുനിന്നും എതിർപ്പുകളുണ്ടായെങ്കിലും തീരുമാനവുമായി മുമ്പോട്ടുപോകുമെന്ന് മുഖ്യമന്ത്രിയും മറ്റു ബന്ധപ്പെട്ടവരും പലതവണ വ്യക്തമാക്കിയതുമാണ്.

ദേവസ്വം ബോർഡിൽ, സംവരേണതരമുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10 ശതമാനം സംവരണം നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ഗവണ്മെന്റ്, ആറുമാസം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല. മുന്നാക്കക്കാരിലെ ദരിദ്രർക്ക് സംവരണം നല്കുന്നതിന് ഭരണഘടനാഭേദഗതി കൊണ്ടുവരണമെന്നാണ് ഹിന്ദുസമുദായസംഘടനാപ്രതിനിധികളുമായി നടത്തിയ ചർച്ചകൾക്കുശേഷം മുഖ്യമന്ത്രി പ്രസ്താവിച്ചത്. മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം നല്കാൻ സർക്കാർ എടുത്ത തീരുമാനത്തിനും ഇത് ബാധകമാണോ എന്നുകൂടി അതോടൊപ്പം വ്യക്തമാക്കേണ്ടതായിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാനസർക്കാരിന്റെ വ്യക്തമായ നിലപാട് അറിയണമെന്ന് എൻ.എസ്.എസ്സിന്റെ ഭാഗത്തുനിന്നും പ്രതികരണം ഉണ്ടാകേണ്ടിവന്നു.

ഈ സാഹചര്യത്തിലാണ് മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം നല്കുന്നതിന് ചട്ടഭേദഗതി വരുത്തിയാൽ മതിയെന്നും അതിനായി നടപടി സ്വീകരിച്ചു എന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഇപ്പോൾ വിശദീകരണം ഉണ്ടായിട്ടുള്ളത് എന്ന് കരുതേണ്ടിയിരിക്കുന്നു.